# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 821 20.03.2013 - ൽ മറുപടിക്ക്

## ഡീസലൈനേഷൻ പ്ലാന്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ ഹൈബി ഈഡൻ<br>ശ്രീ ഡൊമിനിക് പ്രസന്റേഷൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ഡീ സലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീക്കരിച്ചിട്ടുണ്ടോ; | (എ) | കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവം മൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽകിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ശുദ്ധജല ക്ഷാമം രൂക്ഷമായതും, കുടിവെള്ള സ്രോതസ്സുകൾ മലിനമായതുമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് മുഖാന്തിരം ലവണജലം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ദർഘാസ് നടപടിയിലൂടെ അനുയോജ്യരായ കരാറുകാരെ കണ്ടെത്തി പദ്ധതി നടപ്പാക്കാൻ ആണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചിലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാക്കുന്നത്; | (ഡി) | സംസ്ഥാന ബജറ്റിൽ നൂതന സാങ്കേതിക വിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതി പ്രകാരം 19 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിനും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജല അതോറിറ്റി ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ